(ബി) ഈ ഭൂമിയിൽ കെൽട്രാക്കിന്റെ പ്രൊഫഷണലുകൾക്കുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടോ, ഐ.എച്ച്.ആർ.ഡി.യുമായി ചേർന്ന് കോളേജോ നിർമ്മിക്കുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1988 മുതൽ ജയ് ഹിന്ദ് ഓയിൽ മിൽസ് പ്രവർത്തനരഹിതമാണ്. 23-5-2001-ൽ സ്ഥലം തിരിച്ചെടുക്കുകയും ആയതിൽ നിന്നും 1 ഏക്കർ മെ. ബാദുഷ മറൈൻ എക്സ്പോർട്ട്സ് (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 11-7-2005 -ൽ റീ അലോട്ട് ചെയ്യുകയും ചെയ്തു. എന്നാൽ സ്ഥലം തിരിച്ചെടുത്തതിനെതിരെ മെ.ജയ്ഹിന്ദ് ഓയിൽ മിൽസ് ബഹു:ഹൈക്കോടതിയിൽ ഹരജി ചെയ്ത ഡബ്ല്യു. പി.(സി)നം.21400/06 നമ്പർ പെറ്റീഷൻ തീർപ്പാക്കാത്തതിനാലാണ് സ്ഥലം റീ അലോട്ട് ചെയ്തുകൊണ്ടുള്ള ഉത്തരവ് നടപ്പാക്കാൻ കഴിയാത്തത്.

(ബി) വ്യവസായ ആവശ്യങ്ങൾക്കായി അക്വയർ ചെയ്തിട്ടുള്ള സ്ഥലം വ്യവസായേതര ആവശ്യങ്ങൾക്ക് നൽകുന്നതിന് നിയമപരവും സാങ്കേതികവുമായ തടസ്സങ്ങൾ ഉണ്ട്.

കുറ്റിപ്പുറത്തെ കേരള സോപ്സ് ആന്റ് ഡിറ്റർജന്റ്സ് കെമിക്കൽസ്

144 (6308) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റിപ്പുറത്തെ കേരള സോപ്സ് ആന്റ് ഡിറ്റർജന്റ് കെമിക്കൽസ് എന്ന സ്ഥാപനം അടച്ചു പൂട്ടുകയുണ്ടായോ ;

(ബി) എങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര തൊഴിലാളികൾ പ്രസ്തുത സ്ഥാപനം പൂട്ടുന്ന അവസരത്തിൽ ജോലി ചെയ്തിരുന്നു ;

(ഡി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രസ്തുത തൊഴിലാളികൾക്ക് ഇതിനകം നൽകിയത് ;

(ഇ) ഇപ്പോൾ പ്രസ്തുത ഭൂമി കിൻഫ്രയ്ക്ക് കൈമാറിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് കിൻഫ്രയക്ക് കൈമാറിയത് ;

(ജി) കിൻഫ്ര പ്രസ്തുത സ്ഥലത്ത് സംരംഭകരെ കണ്ടെത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എച്ച്) ഇതിനകം സംരംഭകരെ തെരഞ്ഞെടുത്തിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഐ) പ്രസ്തുത ഭൂമിക്ക് നിശ്ചയിച്ചിരിക്കുന്ന വിലയെത്ര ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) 1993-ൽ കുറ്റിപ്പുറത്തുള്ള കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസിനെ പീഡിത വ്യവസായമായി ബി.ഐ.എഫ്.ആർ. പ്രഖ്യാപിച്ചു. കമ്പനി പുനരുദ്ധരിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ ഒന്നും ലക്ഷ്യം കൈവരിക്കാത്തതുകൊണ്ട് 10-11-2002 മുതൽ കമ്പനിയുടെ പ്രവർത്തനം നിർത്തലാക്കി.

(സി) 226

(ഡി) അടച്ചു പൂട്ടുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കായി സർക്കാർ അംഗീകരിച്ച സോഷ്യൽ സേഫ്റ്റി നെറ്റ് വർക്ക് പ്രോഗ്രാം (SSNP) പാക്കേജിൽ ഉൾപ്പെടുത്തി ഒരു വി.ആർ.എസ്.പാക്കേജ് തൊഴിലാളികൾക്ക് നൽകുകയുണ്ടായി. ഇതിൽ തൊഴിലാളികളുടെ ശമ്പളകുടിശ്ശിക, ലീവ് സാലറി, ഗ്രാറ്റുവിറ്റി, വി.ആർ.എസ്. മായി ബന്ധപ്പെട്ട മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുകയുണ്ടായി. കൂടാതെ അനുബന്ധ കുടിശ്ശികയായ പി.എഫ്, ഇ.എസ്.ഐ. എന്നിവയും നൽകി.

(ഇ) & (എഫ്) കമ്പനിയുടെ കൈവശമുള്ള 18.8 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ഭൂമിയുടെ കൈവശാവകാശം കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്.

(ജി) കിൻഫ്രയ്ക്ക് കൈമാറിയ സ്ഥലത്ത് ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. മലിനീകരണം ഉണ്ടാകാത്ത ഇടത്തരം വ്യവസായങ്ങൾക്ക് ഭൂമി നൽകാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. കൂടാതെ ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയും സ്ഥാപിച്ച് വ്യവസായികൾക്ക് നൽകാനും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

(എച്ച്) പദ്ധതിയുടെ പ്രവർത്തനം 12 മാസത്തിനകം പൂർത്തിയാക്കി സംരംഭകരെ തെരഞ്ഞെടുക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്.

(ഐ) പാർക്കിന്റെ വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ അംഗീകരിച്ചശേഷം അടിസ്ഥാന വികസനങ്ങൾ പൂർത്തീകരിക്കുന്ന പ്രക്രിയ അവസാനിച്ചാൽ മാത്രമേ ഭൂമിയുടെ വില നിശ്ചയിക്കുന്നതിന് സാധിക്കുകയുള്ളൂ.

കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ്

145 (6309) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിൽ പ്രവർത്തിക്കുന്ന കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്സ് ലിമിറ്റഡിന്റെ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതയുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly